**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3771** **12-03-2025 - ൽ മറുപടിയ്ക്ക്**

**കന്നുകാലി ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീര കർഷകർക്കായി സംസ്ഥാന സർക്കാർ നടപ്പാക്കിയ കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ എത്ര കന്നുകാലികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) | നടപ്പ് സാമ്പത്തികവർഷം മൃഗസംരക്ഷണവകുപ്പ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി ചേർന്ന് കന്നുകാലികൾക്കായി ഒരു വർഷത്തേക്കും മൂന്ന് വർഷത്തേക്കും ഉള്ള രണ്ടു തരം പരിരക്ഷകൾ ഉൾപ്പെടുത്തി ഗോസമൃദ്ധി എൻ.എൽ.എം 2024-25 എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് വേണ്ടി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേനെയാണ് കന്നുകാലികളുടെ ഇൻഷ്വറൻസ് ചെയ്യുന്നത്. 2024-25സാമ്പത്തിക വർഷം കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കുറഞ്ഞത് 40565 ഉരുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ സാധിക്കും.<br><br>ഗോസമൃദ്ധി 2024-25 'ഒരു വർഷ പദ്ധതിയിൽ' ജനറൽ വിഭാഗത്തിലെ കർഷകരുടെ 17,700 കന്നുകാലികൾക്കും എസ്.സി/എസ്.റ്റി വിഭാഗത്തിൽപെട്ട കർഷകരുടെ 4,850 കന്നുകാലികൾക്കും 'മൂന്ന് വർഷ പദ്ധതിയിൽ' ജനറൽ വിഭാഗത്തിൽ 1,400 കന്നുകാലികൾക്കും എസ്.സി/എസ്.റ്റി വിഭാഗത്തിൽ 400 കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ സാധിക്കും.<br><br>കൂടാതെ എൻ.എൽ.എം. 2024-25 കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു വർഷ പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 11,765 കന്നുകാലികൾക്കും എസ്.സി/എസ്.റ്റി വിഭാഗത്തിൽ 3200 കന്നുകാലികൾക്കും മൂന്ന് വർഷ പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ജനറൽ വിഭാഗത്തിൽ 950 കന്നുകാലികൾക്കും എസ്.സി/എസ്.റ്റി വിഭാഗത്തിൽ 300 കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ സാധിക്കും.<br><br>ഗോസമൃദ്ധി എൻ.എൽ.എം 2024-25 കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കർഷകർ വഹിക്കേണ്ട ഇൻഷ്വറൻസ് പ്രീമിയത്തിലേക്കു ഒരു കന്നുകാലിക്ക് ഒരു വർഷ പദ്ധതിയിൽ 100 രൂപയും മൂന്ന് വർഷ പദ്ധതിയിൽ 250 രൂപയും കേരള ഫീഡ്സ് ലിമിറ്റഡ് നൽകുന്നതായിരിക്കും. |
| (ബി) | എത്ര ശതമാനം സബ്സിഡിയാണ് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഈ പദ്ധതിയിലൂടെ നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ഗോസമൃദ്ധി എൻ.എൽ.എം 2024-25 കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 70% സർക്കാർ സബ്സിഡിയായി നൽകുന്നു. |

സെക്ഷൻ ഓഫീസർ